# അയ്യേ... ഇതെന്ത് ഹർത്താൽ?

**ദൃക്സാക്ഷി**

അങ്ങനെ ജനാധിപത്യ ഹർത്താൽ പൊളിഞ്ഞു. (അഥവാ) പൊളിച്ചു. ഇനിമേൽ എല്ലാ ഹർത്താലുകളും ജനാധിപത്യവിരുദ്ധമായി തന്നെ നടത്തണമെന്നാണ് കേരളത്തിലെ പ്രമുഖ രാഷ്ട്രീയ കക്ഷികളും ക്രമസമാധാനപാലനത്തിന്റെ ചുക്കാൻ പിടിക്കുന്ന ഡി.ജി.പിയും നൽകുന്ന ഉപദേശം. അതാണ് കേരളത്തിന്റെ 'മനസ്സാക്ഷി'. കടകൾ തുറന്നു, ബസ്സുകൾ ഓടി, ആളുകൾ പതിവുപോലെ ജോലിക്കു പോയി. ഡി.ജി.പി(മറ്റു രാഷ്ട്രീയ പാർട്ടികൾക്കു കൂടി വേണ്ടി) ചില കാര്യങ്ങൾ പറഞ്ഞു. 'ചെറുകക്ഷികളും ഗ്രൂപ്പുകളും നടത്തുന്ന ഹർത്താലൊക്കെ പരാജയപ്പെടുത്തണം.' കേരളത്തിന്റെ ആഭ്യന്തരമന്ത്രിയുടെ ചുമതല കൂടി മുഖ്യമന്ത്രി ഡി.ജി.പിക്കാണല്ലോ നൽകിയിരിക്കുന്നത്. (ഡി.ജി.പിയുടെ നയം യു.ഡി.എഫ് നയം എന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടുമുണ്ട്.) ചെറിയ കക്ഷികളും ഗ്രൂപ്പുകളും ഹർത്താൽ ആഹ്വാനം ചെയ്താൽ പിന്നെ നടപടിക്രമം കർശനമാണ്. ഹർത്താലിന്റെ തലേന്നു തന്നെ ആഹ്വാനം ചെയ്തവർക്ക് മുന്നറിയിപ്പ് നിർദ്ദേശങ്ങൾ നൽകും. അത് കിട്ടിയതായി രേഖപ്പെടുത്തി വാങ്ങും. സമൂഹത്തിൽ അക്രമസമാധാനം പാലിക്കാൻ അദ്ദേഹത്തിനുത്തരവാദിത്വമില്ലേ? ക്രമസമാധാനമെന്ന കുന്ത്രാണ്ടം വമ്പൻമാരുടെ ഹർത്താലിന് ആവശ്യമില്ല. ഇന്നുവരെ നാം കണ്ടിട്ടുള്ള ഒരു ഹർത്താലിനു മുമ്പും ഇത് ചെയ്തതായി കേട്ടിട്ടില്ല. പക്ഷേ അതൊക്കെ ചൂണ്ടയിൽ ഒതുങ്ങാത്ത മത്സ്യങ്ങളല്ലേ?

ജനാധിപത്യ ഹർത്താൽ ദിവസം വ്യാപകമായി അക്രമമുണ്ടാക്കാൻ സാധ്യതയുണ്ടെന്ന ഇന്റലിജൻസ് റിപ്പോർട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞതു കേട്ടപ്പോൾ യഥാർത്ഥത്തിൽ ഞെട്ടിയത് പ്രക്ഷോഭസമിതിയാണത്രേ! തങ്ങളറിയാത്ത ആരെങ്കിലും ഇങ്ങനെ അക്രമം നടത്തിയേക്കുമെന്നതാവില്ല അവരുടെ ഭയം; പോലീസ് തന്നെ പിന്നിൽ നിന്ന് അക്രമം സൃഷ്ടിക്കുമോയെന്നതുമല്ല. നമ്മുടെ ഇന്റലിജൻസ് ഇത്ര മോശമാണോ എന്ന സംശയമാണവരെ ഞെട്ടിച്ചത്. ഈ മുന്നറിയിപ്പ് നോട്ടീസ് പ്രക്ഷോഭസമിതിക്കു നൽകിയതിനുശേഷം ചില മണിക്കൂറുകൾക്കകം ഡി.ജി.പിയുടെ മൂക്കിനു താഴെ നടന്ന പി.ഡി.പി പരാക്രമങ്ങൾ മുൻകൂട്ടി കാണാനുള്ള 'ഇന്റലിജൻസ്' ഇവർക്കില്ലാതെപ്പോയതാണോ? അതല്ല, പി.ഡി.പിയെയും വലിയ പാർട്ടികളുടെ ലിസ്റ്റിൽപ്പെടുത്തി ഒഴിവ് കൊടുത്തതാണോ?

**അവസരം സിന്ദാബാദ്**

എന്തായാലും പിണറായി വിജയനും വെളിയം ഭാർഗവനും സി. കെ. പത്മനാഭനും ആന്റണിയും(അദ്ദേഹത്തിന്റെ സ്വന്തമായ ഡി.ജി.പിയും) ഒരു കാര്യത്തിലെങ്കിലും യോജിച്ചല്ലോ. (വികസന കാര്യത്തിൽ രാഷ്ട്രീയം വേണ്ടെന്നതാകും ഇതിനു കാരണം) ഈ ഹർത്താലിനോട് ഡി.ജി.പിയെടുത്ത നിലപാടിനെ ഇവരെല്ലാം അനുമോദിക്കട്ടെ!

എ.ഡി.ബിക്കെതിരായി പിണറായി വിജയനും കൂട്ടരും വലിയ വായിൽ പ്രസംഗിക്കുന്നത് കേട്ട് ആർക്കെങ്കിലും തെറ്റിദ്ധാരണയുണ്ടായോ? ഇവർ എ.ഡി.ബി വായ്പക്കെതിരാണെന്നാരെങ്കിലും കരുതിയോ? അത്തരത്തിലൊരു സംശയം സി.പി.എമ്മിനും സി.പി.ഐക്കും ഉണ്ടായി. ആർക്കെങ്കിലുമെന്നതല്ല എ.ഡി.ബി മേലാളന്മാർക്കും സംശയമുണ്ടായോ എന്നതാണ് പേടി. പ്രസംഗത്തിലും ദേശാഭിമാനിയിലേയും ചിന്തയിലേയും എഴുത്തിലും എന്തു പറഞ്ഞാലും കുഴപ്പമില്ല. എ.ഡി.ബി സായിപ്പന്മാർക്കു മലയാളം മനസ്സിലാകില്ല എന്നതായിരുന്നു ആശ്വാസം. പക്ഷേ, പ്രതീക്ഷ തെറ്റി. സായിപ്പിന്റെ ഉപദേഷ്ടാക്കളായി(വെറും പരിഭാഷകരെന്നർത്ഥം) ചില ചുവപ്പന്മാരെത്തന്നെ നിയമിച്ചിട്ടുണ്ട്. ഇവരുടെ പ്രസംഗങ്ങളും ലേഖനങ്ങളും തർജ്ജമ ചെയ്ത് സായിപ്പിനെ കാണിച്ചാൽ കുഴപ്പമാണ്. ഇനിയെന്തു ചെയ്യും എന്നു വിഷമിച്ചിരിക്കുമ്പോഴാണ് ഒരു സുവർണ്ണാവസരമായി ഹർത്താൽ വന്നത്. പിന്നെ താമസിച്ചില്ല പിണറായി തൊണ്ടപൊട്ടുമാറുച്ചത്തിൽ പറഞ്ഞു 'ഞങ്ങൾ നിസ്സഹരിക്കും ഹർത്താലിനോട്' എന്ന്. പിന്നെ വെളിയം ഭാർഗ്ഗവനെന്തു സംശയം? അവരും കാച്ചി നിസ്സഹകരണം. പിണറായിയോട് മറ്റെന്തു വിരോധമുണ്ടെങ്കിലും ബി.ജെ.പി നേതാവ് സി. കെ. പത്മനാഭനും വിട്ടില്ല- കൂടെക്കൂടി, നിസ്സഹകരണത്തിന്. ഇതിൽ ചേർന്നില്ലെങ്കിൽ വലിയ 'പാർട്ടിയായി' ഡി.ജി.പി അംഗീകരിച്ചില്ലെങ്കിലോ എന്ന ഭയവും പത്മനാഭനു കാണും. അങ്ങുവടക്കുള്ള സ്ഥിതിയല്ലല്ലോ കേരളത്തിൽ.

വിശ്വഹിന്ദു പരിഷത്തും പി.ഡി.പിയും നടത്തിയ ഹർത്താലുകളോടുപോലും 'നിസ്സഹകരണം' കാണിക്കാത്ത പിണറായിയും കൂട്ടരും ഇപ്പോൾ നിസ്സഹകരിച്ചത് പല സഖാക്കൾക്കും മനസ്സിലായില്ലെന്നതു സത്യം. പാർട്ടി വീണ്ടും പറഞ്ഞു 'വികസനത്തിന്റെ കാര്യത്തിൽ കക്ഷി രാഷ്ട്രീയം പാടില്ല' പാർട്ടിക്കാർക്കു മുഴുവൻ ബോധ്യമായില്ല. അപ്പോഴവരെ വളരെ അടുത്തു വിളിച്ച് ചെവിയിൽ പറഞ്ഞു-"കഴിഞ്ഞ ഭരണകാലത്ത് നമുക്കു കിട്ടുമെന്ന് കരുതി ഒരുപാട് പണിപ്പെട്ടതാണ്. കഷ്ടകാലത്തിന് ഇത് അവർക്കാണ് ഗുണമായത്. പക്ഷേ നമുക്ക് ഭയപ്പെടേണ്ടതില്ല. ഏറിയാൽ നാലര മാസം. അതുകഴിഞ്ഞാൽ ഇതൊക്കെ നമുക്കു തന്നെ കിട്ടില്ലേ? നാളത്തെ കഞ്ഞിയിൽ ഇന്നുതന്നെ മണ്ണിടുന്നത് ശരിയാണോ? അതുമല്ല, വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തപ്പെടണമെന്നും മറ്റും പറയുന്ന 'വെറും ഗാന്ധിയന്മാ'രായി നാം അധഃപതിക്കാൻ പാടുണ്ടോ?" ഈ മാർക്സിസ്റ്റ് വിശദീകരണം ഏറ്റു. ചുമട്ടുതൊഴിലാളി, സർക്കാർ ജീവനക്കാരൻ, വൈദ്യുതി തുടങ്ങിയ പൊതുമേഖല-സ്വകാര്യ മേഖലാ തൊഴിലാളികൾ മുതലായവരെ അല്പം ദ്രോഹിച്ചാലും വൈദ്യുതി നിരക്കും യാത്രാനിരക്കും കുടിവെള്ളവിലയും കൂട്ടി മുഴുവൻ ജനങ്ങളെ ക്രൂരമായി ശിക്ഷിക്കേണ്ടി വന്നാലും ഈ വൻകക്ഷികൾക്കു കുഴപ്പമില്ല. അടുത്ത തെരഞ്ഞെടുപ്പാകുമ്പോൾ ഇവരിലൊരു കൂട്ടരെ തന്നെയല്ലേ നാം ഭരണമേൽപ്പിക്കുക? അതും മാറിമാറി അവസരം കിട്ടും. ജനത്തിന്റെ സ്ഥിതിയെന്തായാലും വികസനം സിന്ദാബാദ്.

*വാൽക്കഷണം:*

**തലേന്നാൾ വരെ ആശയക്കുഴപ്പം ഉണ്ടായിരുന്നെങ്കിലും നവംബർ 1ന് ജനജീവിതം സാധാരണഗതിയിലായിരുന്നു. ഹർത്താൽ ഒരു ചലനവും സൃഷ്ടിച്ചില്ലെന്ന് പത്രങ്ങൾ. കേരളത്തിലെ ജനങ്ങൾക്ക് എ.ഡി.ബിയോട് അനുകൂലനിലപാടാണ് എന്നാണോ സൂചന? അതോ ഹർത്താലുകൾ ജനങ്ങൾ ഇഷ്ടപ്പെടുന്നില്ല എന്നതോ? പരാജയപ്പെടുന്നത് ജനാധിപത്യഹർത്താലാണെങ്കിൽ വിജയിക്കുന്ന ഹർത്താലുകൾ.........?-ജനാധിപത്യവിരുദ്ധമോ?**

**വർത്തമാനം** **കെ. ബി. മധുസൂദനൻ**

